## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2891 — 10.03.2017-ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ വിലയിരുത്താറുണ്ട് |
| (ബി) | മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേർക്ക് ആനുകൂല്യം നൽകിയെന്നും എത്ര തുകയുടെ ആനുകൂല്യമാണ് അനുവദിച്ചതെന്നും അറിയിക്കാമോ? | (ബി) | 2016-17 വർഷത്തിൽ 17.50 കോടി രൂപയാണ് മത്സ്യത്തൊഴിലാളി കടാശ്വാസത്തിനായി വകയിരുത്തിയിട്ടുള്ളത്. ഇതിൽ നാളിതുവരെയായി ബാങ്കുകളുമായി ബന്ധപ്പെട്ട കടങ്ങൾക്കും മത്സ്യഫെഡുമായി ബന്ധപ്പെട്ട കടങ്ങൾക്കും മറ്റു സർക്കാർ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കടങ്ങൾക്കും കടാശ്വാസം നൽകുന്നതിന് (1440 കടങ്ങൾക്ക്) 5.80 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട് സഹകരണ വകുപ്പുമായി ബന്ധപ്പെട്ട 1166 കടങ്ങൾക്ക് 2.74 കോടി രൂപയും ഭവന നിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട 35 കടങ്ങൾക്ക് 21.13 ലക്ഷം രൂപയും ദേശസാൽകൃതബാങ്കുമായി ബന്ധപ്പെട്ട 277 കടങ്ങൾക്ക് 1.73 കോടി രൂപയും മത്സ്യഫെഡുമായി ബന്ധപ്പെട്ട 117 കടങ്ങൾക്ക് 25 ലക്ഷം രൂപയും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കടാശ്വാസത്തിന്റെ ലിസ്റ്റിൽ ഉൾപ്പെടുകയും എന്നാൽ തുക തിരിച്ചടക്കുകയും ചെയ്ത കേസുകളിൽ കടാശ്വാസ തുക മടക്കി നൽകുന്നതിനായി 46 കടങ്ങൾക്ക് 40,64,256 രൂപ അനുവദിക്കുന്ന വിഷയവും പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ